# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1953 — 12/02/2013 ൽ മറുപടിക്ക്

## പി.എസ്.സി. നിയമന ശുപാർശ

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ നിലവിലുള്ള പട്ടികയിൽ നിന്ന് ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശുപാർശ ചെയ്യുവാൻ എത്ര ദിവസം വേണ്ടിവരുന്നു; വ്യക്തമാക്കുമോ ; | (എ) വകുപ്പു മേധാവികൾ വിവിധ തസ്തികകളിലേയ്ക്ക് കൃത്യമായ പ്രൊഫോർമയിൽ അറിയിക്കുന്ന ഒഴിവുകൾ പരിശോധിച്ച് ആയതിന് റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെങ്കിൽ പതിനഞ്ച് ദിവസത്തിനകം തന്നെ നിയമന ചട്ടങ്ങളും ഉത്തരവുകളും പാലിച്ച് റൊട്ടേഷൻ തയ്യാറാക്കി നിയമന ശിപാർശ അയയ്ക്കുകയാണ് നിലവിൽ ചെയ്യുന്നത്. ഒഴിവുകൾ നിയമന ശിപാർശ ചെയ്യുന്നതിന് കാലവിളംബം ഒഴിവാക്കുവാൻ കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ഇക്കാര്യത്തിൽ പാലിക്കുന്നുണ്ട്. സാധാരണയായി 15 ദിവസത്തെ സമയമാണ് നിയമന ശിപാർശ ചെയ്യുന്നതിനായി അനുവദിച്ചിട്ടുള്ളത്. ചില പ്രത്യേക സാഹചര്യങ്ങളിൽ നിയമന ശിപാർശ തയ്യാറാക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വരാറുണ്ട്. |
| (ബി) പി.എസ്.സി. അംഗങ്ങളുടെ അംഗീകാരം വൈകുന്നതിലൂടെ നിയമനത്തിന് ശുപാർശ ചെയ്യേണ്ട ഉദ്യോഗാർത്ഥികളുടെ പട്ടിക നൽകുന്നതിന് കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി)യും (സി)യും<br>നിയമന ശിപാർശ ഏതേത് വകുപ്പുകളിലേക്കാണോ അയക്കേണ്ടത് അതതിന്റെ ചുമതലയുള്ള പി.എസ്.സി. അംഗങ്ങളുടെ അഭാവത്തിൽ ചെയർമാന്റെ ഉത്തരവ് നേടി കാലതാമസമില്ലാതെ നിയമന ശിപാർശ അയയ്ക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) എങ്കിൽ പ്രസ്തുത കാലതാമസം പരിഹരിക്കുന്ന കാര്യം പരിഗണിക്കുമോ ? | |

A. L.

സെക്ഷൻ ഓഫീസർ